LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട് പാക്കേജ് നിർമ്മാണ പ്രവൃത്തികൾ

131 (1540) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത് എന്ന് ഇനവും സാമ്പത്തിക വർഷവും തിരിച്ച് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് കരാറുകാരുടെ പേര് വിവരം സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രൂപ്പ് 14,ൽ ഉൾപ്പെടുത്തി മാന്നാർ പഞ്ചായത്തിലെ 11 പാടശേഖരങ്ങളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി. ടെണ്ടർ നടത്തിയിട്ടില്ല മറ്റ് പഞ്ചായത്തുകളിലെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു.

(ബി) നിലവിൽ പ്രവൃത്തികൾ നടക്കുന്നില്ല.

കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസന പദ്ധതികൾ

132 (1541) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി, വേളം പഞ്ചായത്തുകളിലായി എത്ര കോടി രൂപയുടെ നെൽ കൃഷി വികസന പദ്ധതികൾക്കാണ് കൃഷി വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കൃഷി വകുപ്പ് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര ഹെക്ടർ സ്ഥലത്തുകൂടി നെൽ കൃഷി വ്യാപിപ്പിക്കാൻ കഴിയുമെന്നും എത്ര ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?